# പതിനാലാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. T 3111 07.02.2018-ൽ മറുപടിക്ക്

## ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

**ചോദ്യം**

**ശ്രീ.എം. മുകേഷ്**

**ഉത്തരം**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പട്ടികജാതി ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്ക് ഒ.ഇ.സി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ; | (എ) | സർക്കാരിന്റെ അദർ എലിജിബിൾ കമ്മ്യൂണിറ്റീസിന്റെ (OEC) ലിസ്റ്റിൽ ക്രമനമ്പർ 10 പ്രകാരം മത പരിവർത്തനം നടത്തിയിട്ടുള്ള പട്ടികജാതിക്കാർക്ക് ഒ.ഇ.സി വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. |
| (ബി) | കൊല്ലം താലൂക്കിൽ പ്രസ്തുത രീതിയിൽ പരിവർത്തനം ചെയ്തവർ ഒ.ഇ.സി. ആനുകൂല്യങ്ങൾക്കായി ജാതി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകുമ്പോൾ, റവന്യൂ അധികാരികൾ സർട്ടിഫിക്കറ്റ് അനുവദിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത വിഭാഗത്തിന് ഒ.ഇ.സി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന് കാണിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. റവന്യൂ അധികാരികളുടെ അന്വേഷണങ്ങളിൽ നിന്നും ടി ആനുകൂല്യങ്ങൾക്ക് അർഹരല്ലാത്ത ലത്തീൻ കത്തോലിക്ക സമുദായക്കാരും അനധികൃതമായി ആനുകൂല്യങ്ങൾ നേടുന്നുവെന്നു മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ ഭരതർ/പരവർ/ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുന്നവർക്ക് അവരുടെ പൂർവ്വികർ പട്ടികജാതി പരവൻ/ഭരതൻ സമുദായക്കാരാണെന്ന് തെളിയിക്കാനാകാത്ത പക്ഷം ഒ.ഇ.സി ആനുകൂല്യങ്ങൾക്ക് അർഹരല്ല എന്ന് വിധിക്കുകയുണ്ടായി. (രാജൻ Vs സ്റ്റേറ്റ് ഓഫ് കേരള വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി 730). ടി സാഹചര്യത്തിലാണ് |

കൊല്ലം ജില്ലയിലെ പരവർ/ഭരതർ ക്രിസ്ത്യൻ എന്ന് അവകാശപ്പെടുന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നത്.

(ഡി) ഭരതർ, പരവൻ സമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരുടെ മാതൃ ജാതി സാധുത സംബന്ധിച്ച് തർക്കം നിലവിലുണ്ടോ,

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യം സംബന്ധിച്ച് കിർത്താഡ്സ് ആധികാരികമായ പഠനമോ പരിശോധനയോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(ഇ) ഉണ്ട്. നിരവധി വ്യക്തിഗത അന്വേഷണങ്ങൾ കിർത്താർഡ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 'സി' പിരിവിന്റെ മറുപടിയിൽ പരാമർശിച്ചതു പോലെ കിർത്താഡ്സ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബഹു. ഹൈക്കോടതി (രാജൻ Vs സ്റ്റേറ്റ് ഓഫ് കേരള വിധിന്യായം നമ്പർ 2007 (1) കെ.എൽ.ടി 730) വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ആൾ കേരള ഭരതർ ഐക്യസംഘം ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി മുമ്പാകെ സമർപ്പിച്ചിട്ടുള്ള ഹർജി പ്രകാരം ടി വിഷയം കിർത്താർഡ്സ് പഠന വിഷയമാക്കിയിട്ടുണ്ട്. എന്നാൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**